# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2353

13.02.2013 ൽ മറുപടിയ്ക്ക്

### ആശ്വാസ്-2012 പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുക്കുന്നവർക്കായി ആശ്വാസ്-2012 പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) കുടിശ്ശിക ഇല്ലാത്ത സഹകരണ വായ്പാ സംഘങ്ങൾ എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം |
| (സി) | എന്തെല്ലാം ഇളവുകളാണ് വായ്പ എടുത്തവർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) സംസ്ഥാനത്തെ സഹകരണ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ 10 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ, വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശതുകയും മുതലും ഈടാക്കി പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് മറ്റ് ചാർജ്ജുകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കിയും എന്നാൽ ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസുകൾ സംഘം ഒടുക്കിയിട്ടുണ്ടെങ്കിൽ അത് ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.<br>10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പകളെടുക്കുമ്പോൾ ഉള്ള പലിശ നിരക്കോ നിലവിലുള്ള പലിശ നിരക്കോ, ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും ടി |

പലിശ തുകയുടെ 5% ൽ അധികരിക്കാതെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും മുതലിനൊപ്പം ഈടാക്കി പിഴപ്പലിശയും മറ്റിനം ചെലവുകളും പൂർണ്ണമായും ഒഴിവാക്കി ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസുകൾ സംഘം അടച്ചിട്ടുണ്ടെങ്കിൽ ആയതും ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

മേൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പലിശ കണക്കാക്കുമ്പോൾ പലിശ മുതലിൽ അധികരിക്കാൻ പാടില്ലാത്തതാകുന്നു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, വിധവകൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, വികലാംഗർ, മാരകരോഗം/മാനസിക രോഗം ബാധിച്ചവർ, ഇത്തരത്തിലുള്ളവർ കുടുംബാഗംങ്ങൾ ആയിട്ടുള്ളവർ എന്നിവർ എടുത്തിട്ടുള്ള വായ്പകൾക്ക് പലിശ നിരക്കിൽ ഇളവ് നൽകുന്ന തുക സംഘങ്ങൾക്ക് സർക്കാർ റീ-ഇംപേഴ്സ്മെന്റ് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത വിഭാഗത്തിലുള്ളവരുടെ വായ്പകൾക്ക് വായ്പ അനുവദിക്കുമ്പോഴുള്ള പലിശ നിരക്കിനേക്കാൾ കുറവാണ് ഇപ്പോഴുള്ള പലിശ നിരക്കെങ്കിൽ കുറഞ്ഞ നിരക്കിൽ വായ്പാ കണക്ക് അവസാനിപ്പിക്കേണ്ടതും വായ്പ അനുവദിക്കുമ്പോഴുള്ള പലിശ നിരക്കിൻപ്രകാരം സംഘത്തിന് എത്ര തുകയാണോ ഈടാക്കേണ്ടതായിട്ടുള്ളത് ആയതിൽ വായ്പക്കാരിൽ നിന്നും ഈടാക്കിയത് കഴിച്ചുള്ള പലിശ തുക സർക്കാർ റീ-ഇംപേഴ്സ് ചെയ്ത് നൽകുന്നതിനാണ് നടപടികൾ സ്വീകരിക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ആശ്വാസ്-2012 പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ 24/12 നമ്പരായി 23.06.2012 ൽ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നിർദ്ദേശങ്ങൾക്കുപരിയായി മരണപ്പെട്ടവരുടെ വായ്പകൾ, മാരകംരോഗം ബാധിച്ചവർ/ മാരക രോഗം ബാധിച്ചവർഉള്ള കുടുംബങ്ങൾ , വിധവകൾ, മാനസിക രോഗികൾ കുടുംബാംഗങ്ങളായിട്ടുള്ള വരും അവരുടെ

ചികിത്സ വായ്പക്കാരന്റെ സംരക്ഷണയിലായിരിക്കുകയും ചെയ്യുന്നവർ തുടങ്ങി മാനുഷിക പരിഗണന അർഹിക്കുന്നവരുടെ വായ്പകളിന്മേൽ അധിക ഇളവുകൾ നൽകണമെന്ന് ഏതെങ്കിലും സംഘം/ബാങ്ക് തീരുമാനിക്കുന്നപക്ഷം സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ വകുപ്പ് സെക്രട്ടറി അംഗമായും, സഹകരണ സംഘം രജിസ്ട്രാർ കൺവീനറായും രൂപീകരിച്ചിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി പ്രസ്തുത ഇളവുകൾക്ക് അംഗീകാരം നൽകുന്നതിന് സർക്കുലറിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ